**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3435** **02-03-2023 - ൽ മറുപടിയ്ക്ക്**

**സ്മാർട്ട് കൃഷി ഭവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഒ . ആർ. കേളു** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | മാനന്തവാടി നിയോജക മണ്ഡലത്തിൽ സ്മാർട്ട് കൃഷി ഭവൻ ആക്കുന്നതിനായി തെരഞ്ഞെടുത്ത കൃഷി ഭവൻ ഏതാണ് എന്ന് വ്യക്തമാക്കാമോ; | (എ) | മാനന്തവാടി നിയോജകമണ്ഡലത്തിൽ നിന്നും തൊണ്ടർനാട് കൃഷിഭവനെയാണ് സ്മാർട്ട് കൃഷിഭവനാക്കുന്നതിനായി ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | സ്മാർട്ട് കൃഷി ഭവൻ എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുന്നതിനാണ് 'സ്മാർട്ട് കൃഷിഭവൻ' പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. സർവ്വീസ് ഡെലിവറി, അടിസ്ഥാന സൗകര്യങ്ങൾ, ഇൻഫർമേഷൻ സിസ്റ്റം എന്നിങ്ങനെ മൂന്നു മേഖലകളിൽ കൃഷിഭവനെ മികച്ചതാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.<br><br>സ്മാർട്ട് കൃഷിഭവൻ പദ്ധതിയുടെ പ്രധാന ഘടകങ്ങൾ താഴെ ചേർക്കുന്നു.<br><br>1. പഞ്ചായത്തിന്റെ വിഭവ ഭൂപടം തയ്യാറാക്കുകയും അടിസ്ഥാന വിവരങ്ങളെ കമ്പ്യൂട്ടർ വൽക്കരിക്കുകയും ചെയ്യുക.<br><br>2. വിള ആരോഗ്യ ക്ലിനിക്കും ബയോ ഫാർമസിയും.<br><br>3. കൃഷിഭവനുകളിൽ IT അനുബന്ധ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക.<br><br>4. കൃഷിഭവനുകളെ കടലാസ് രഹിത അത്യാധുനിക ഓഫീസുകളാക്കി മാറ്റുക.<br><br>5. സ്മാർട്ട് കാർഡ് സംവിധാനം.<br><br>6. കൃഷിഭവനുകളിൽ ആധുനിക സജ്ജീകരണങ്ങളോടെ ഫ്രണ്ട് ഓഫീസ് ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുക.<br><br>7. കൃഷിഭവനുകളുടെ നവീകരണം. |

| | | | |
|---|---|---|---|
| | | | 8. വിവിധ ഉത്പാദനോപാധികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള IT സംവിധാനം.<br><br>9. ആധുനിക വിപണന സംഭരണ സംവിധാനം.<br><br>10. കാർഷിക കർമ്മ സേന/അഗ്രോ സർവ്വീസ് സെന്റർ. |
| (സി) | പ്രസ്തുത പദ്ധതിയിലൂടെ കർഷകർക്ക് ലഭിക്കുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി) | പഞ്ചായത്ത് തലത്തിൽ കർഷകരുടെ പ്രധാന സമ്പർക്ക കേന്ദ്രമായ കൃഷിഭവനുകളെ കർഷക സൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സ്മാർട്ട് കൃഷിഭവൻ പദ്ധതി നടപ്പിലാക്കുന്നതിലൂടെ സാധിക്കുന്നു. കർഷകർക്ക് കൃഷിഭവനിൽ എത്തിച്ചേരാതെ തന്നെ, ലഭിക്കുന്ന ആനുകൂല്യങ്ങളുടെ വിവരങ്ങൾ അറിയുന്നതിനും ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ആവശ്യമായ അപേക്ഷകൾ സമർപ്പിക്കുന്നതിനും സാധിക്കുന്നു. ഇത് കർഷകർക്ക് കൂടുതൽ സമയം കൃഷിയിടങ്ങളിൽ ചെലവഴിക്കുന്നതിന് സഹായകമാകുന്നു. സേവനങ്ങൾ ഓൺലൈൻ ആയി മാറുന്നതോടെ കർഷക സമൂഹത്തിന്റെ എല്ലാ ആവശ്യങ്ങളും ഏകജാലക സംവിധാനത്തിലൂടെ നിറവേറ്റുന്നതിനും സേവനങ്ങൾ വേഗത്തിലും സമയബന്ധിതമായി ലഭ്യമാകുന്നതിനും സാധിക്കും. |

സെക്ഷൻ ഓഫീസർ